I ഇ.ബി. XIV - കേരള നിയമസഭ /X-8

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 09, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I. **പ്രത്യേക അറിയിപ്പ്**

1972 ജൂൺ 8-ന് വിയറ്റ്നാമിൽ അമേരിക്ക നടത്തിയ ബോംബാക്രമണത്തിൽ പേടിച്ച് വിവസ്ത്രയായി ഓടുന്ന കിം ഫുക് എന്ന ഒമ്പത് വയസ്സുകാരിയുടെ ചിത്രം പകർത്തി ലോകശ്രദ്ധ നേടിയ മഹാനായ ഫോട്ടോഗ്രാഫർ ശ്രീ. നിക്ക് ഉട്ടും പ്രശസ്ത കവിയും എഴുത്തുകാരനുമായ ശ്രീ. സച്ചിദാനന്ദനും സഭാനടപടികൾ വീക്ഷിക്കുന്നതിനായി ഗ്യാലറിയിൽ സന്നിഹിതരായിട്ടുണ്ട്.

## II. **തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിൽ 25-01-2018-ന് മറുപടി നൽകിയ നക്ഷത്ര ചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തൊഴിലും എക്സൈസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## III. **അടിയന്തരപ്രമേയം**

ലൈറ്റ് മെട്രോ പദ്ധതി

മി. സ്പീക്കർ : തിരുവനന്തപുരത്തും കോഴിക്കോടും നടപ്പിലാക്കാൻ തീരുമാനിച്ച ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും ഡി.എം.ആർ.സി. പിന്മാറിയതിനെത്തുടർന്ന് ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, എം.ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ഇല്ലാതാക്കാൻ പോകുന്നുവെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനെടുക്കുന്ന സാവകാശം മാത്രമാണ്

ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. 2014 ഒക്ടോബർ 8-ന് ഡി.എം.ആർ.സി. സമർപ്പിച്ച ഡി.പി.ആർ. സംസ്ഥാന സർക്കാർ അംഗീകരിക്കുകയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2017 നവംബർ 23-ന് പുതുക്കിയ അനുബന്ധ രേഖ ഡി.എം.ആർ.സി. സമർപ്പിച്ചു. ഇക്കാര്യങ്ങൾ കെ.ആർ.ടി.എൽ. ബോർഡ് യോഗം വിശദമായി പരിശോധിച്ചു. വിവിധ വകുപ്പുകളുടെ നയപരമായ തീരുമാനങ്ങൾ ഉൾപ്പെടുന്നതുകൊണ്ടും സാമ്പത്തിക ബാധ്യത അടക്കമുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതിനാലും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് പുതുക്കിയ ഡി.പി.ആർ.-ന്റെ പരിശോധന നടത്തണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്നതിനുമുമ്പ് ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്താമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും സ്ഥലമെടുപ്പ് നടപടി ആരംഭിക്കുകയും ചെയ്തു. കേശവദാസപുരം മുതൽ കഴക്കൂട്ടം വരെയുള്ള പാതയുടെയും കോഴിക്കോട് മാനാഞ്ചിറ

മുതൽ മീൻചന്ത വരെയുള്ള പാതയുടെയും വികസനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് മത്സരാധിഷ്ഠിത ദർഘാസ് വഴി ഏജൻസിയെ തെരഞ്ഞെടുക്കാൻ കെ.ആർ.ടി.എൽ. ബോർഡ് യോഗം തീരുമാനിച്ചു. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ലൈറ്റ് മെട്രോ പദ്ധതി കേരളത്തിന്റെ താല്പര്യമനുസരിച്ച് സുതാര്യമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. മുരളീധരൻ</u>: തിരുവനന്തപുരത്തും കോഴിക്കോട്ടും ആരംഭിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി സഭയിൽ മറുപടി പറഞ്ഞതിനുശേഷം ഡി.എം.ആർ.സി.യുടെ കൺസൾട്ടന്റ് ശ്രീ. ഇ. ശ്രീധരൻ പത്രസമ്മേളനത്തിൽ സർക്കാരിനെതിരെ ചില കാര്യങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. മോണോ റെയിൽ പദ്ധതി പ്രായോഗികമല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഡി.എം.ആർ.സി.യുടെ ഉപദേശപ്രകാരം ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്. തിരുവനന്തപുരത്ത് ടെക്നോ സിറ്റിയിൽ നിന്നും ആരംഭിച്ച് പട്ടം, പി.എം.ജി. വഴി കരമന വരെ ആദ്യഘട്ടം നടപ്പാക്കാനും തുടർന്ന് നെയ്യാറ്റിൻകര

വരെ ദീർഘിപ്പിക്കാനുമാണ് ധാരണയായത്. ഏറ്റവും കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത് കഴക്കൂട്ടം, കേശവദാസപുരം ഭാഗങ്ങളിലാണ്. ലൈറ്റ് മെട്രോ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് സ്ഥലം എം.എൽ.എ.മാർ ഉറപ്പുനൽകിയിരുന്നതാണ്. പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് സാംഗ്ഷൻ നൽകിയെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചില്ലെന്നും നിലവിലുള്ള അവസ്ഥ ബോദ്ധ്യപ്പെടുത്താൻ മുഖ്യമന്ത്രിയെ നേരിൽക്കാണുന്നതിന് അനുമതി നിഷേധിച്ചുവെന്നും സർക്കാരിന് താല്പര്യമില്ലാത്തതിനാൽ പദ്ധതിയിൽ നിന്നും പിൻമാറുകയാണെന്നും ഇന്നലെ ശ്രീ. ഇ. ശ്രീധരൻ പത്രസമ്മേളനത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ അതു സംബന്ധിച്ച് വിശദീകരിക്കാൻ സർക്കാർ തയ്യാറാകണം. കൊച്ചി മെട്രോ ലാഭകരമല്ലെന്ന പേരിൽ ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും സർക്കാർ പിൻമാറുന്നത് ന്യായീകരിക്കാൻ കഴിയില്ല. ശ്രീ. ഇ. ശ്രീധരനെയും ഡി.എം.ആർ.സി.യേയും ഒഴിവാക്കുന്നത് പൊതുജനതാല്പര്യത്തിന് എതിരാണ്. ഡി.എം.ആർ.സി.യുടെ സംശയങ്ങൾ ദുരീകരിച്ച് അനിശ്ചിതത്വം ഒഴിവാക്കി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ വേഗത്തിൽ ആരംഭിക്കുന്നതിന് മുഖ്യമന്ത്രി ഇടപെടണം. സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന അവസ്ഥ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽനിന്ന് ശ്രീ. ഇ. ശ്രീധരനെ ഒഴിവാക്കാൻ ഒരു ഘട്ടത്തിലും സർക്കാർ ശ്രമിച്ചിട്ടില്ല. പദ്ധതി വേഗത്തിൽ പൂർത്തിയാക്കണമെന്ന ആഗ്രഹം എല്ലാവർക്കുമുണ്ടെങ്കിലും കേന്ദ്രാനുമതി വൈകുന്നതാണ് തടസ്സമാകുന്നത്. അനുമതി ലഭിക്കാതെ പദ്ധതി ആരംഭിക്കുകയാണെങ്കിൽ കേന്ദ്ര സർക്കാർ നൽകേണ്ട 1278 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സർക്കാരിന് അത് ബുദ്ധിമുട്ടായതിനാലാണ് കേന്ദ്ര അനുമതി ലഭിച്ചതിനുശേഷം പദ്ധതി തുടങ്ങാമെന്ന് സർക്കാർ അറിയിച്ചിട്ടുള്ളത്. കേന്ദ്രാനുമതിക്ക് കാത്തുനിൽക്കേണ്ടതില്ലെന്ന ശ്രീ. ഇ. ശ്രീധരന്റെ അഭിപ്രായത്തോട് മാത്രമാണ് സർക്കാരിന് വിയോജിപ്പുള്ളത്. ഇതുകൊണ്ടാണ് സർക്കാരിൽ നിന്നും നടപടിയുണ്ടാകില്ലെന്ന് പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത്. മറ്റൊരു തരത്തിലുള്ള അഭിപ്രായഭിന്നതയും സർക്കാരുമായി അദ്ദേഹത്തിനില്ല. പദ്ധതിയിൽ നിന്നും ഒഴിവാകുന്നുവെന്ന് അദ്ദേഹം അറിയിച്ചപ്പോൾ നേരിൽ കാണാമെന്ന മറുപടിയാണ് നൽകിയത്. ചില തിരക്കുകൾ കാരണം അദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. ശ്രീ. ഇ. ശ്രീധരനെ നേരിൽ കാണുന്നതിന് ഒരു തടസ്സവുമില്ല. കേന്ദ്രാനുമതി

ലഭിക്കുന്ന മുറയ്ക്ക് ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കാവുന്നതാണ്. ലാഭനഷ്ടക്കണക്ക് നോക്കാതെ നാടിന്റെ ആവശ്യമെന്ന നിലയിൽ ഈ പദ്ധതി നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ യാതൊരുവിധ ആശങ്കയ്ക്കും അടിസ്ഥാനമില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. **ശ്രദ്ധക്ഷണിക്കൽ**

### (1) പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്കായി നോർക്ക വകുപ്പ് നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി കാര്യക്ഷമമല്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വായ്പ നൽകാൻ ബാങ്കുകൾ കാണിക്കുന്ന വിമുഖത സംബന്ധിച്ച് സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ഉന്നയിക്കുന്നതോടൊപ്പം പ്രവാസി ക്ഷേമനിധിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രവാസി ലോട്ടറി പോലെയുള്ള സംവിധാനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചും പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവത്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്നവർക്കായി ആവിഷ്കരിച്ച എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ മൂലധനച്ചെലവുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് സബ്സിഡിയോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുകയും ഗുണഭോക്താക്കൾക്ക് താല്പര്യമുള്ള സംരംഭങ്ങളിൽ പരിശീലനവും ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ചില ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾ കാരണം പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ലെന്ന പരാതിയെത്തുടർന്ന് പദ്ധതിയുമായി സഹകരിക്കണമെന്ന് ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിക്കുകയും ബാങ്കുകളുമായി ചർച്ച ചെയ്യുകയും എസ്.എൽ.ബി.സി. യോഗങ്ങളിൽ വിഷയം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമനിധി ഫണ്ടിലേയ്ക്ക് ലഭിക്കുന്ന പ്രത്യേക നിക്ഷേപങ്ങൾ, പ്രവാസി ചിട്ടിയിൽനിന്ന്

ലഭിക്കുന്ന തുകയുടെ നിക്ഷേപം എന്നിവയ്ക്കാനുപാതികമായി കൂടുതൽ പെൻഷൻ നൽകാനാകുമോയെന്ന് പരിശോധിക്കുന്നതാണ്. ലോക കേരള സഭയിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പ്രൊഫഷണലുകളുമായി ആശയവിനിമയം നടത്തുന്നതിന് ഏജൻസി സ്ഥാപിക്കാനും ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകാനും തിരിച്ചെത്തുന്ന പ്രവാസികളുടെ സംരക്ഷണം, ചികിത്സ എന്നിവയ്ക്കായി ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

(2) <u>ഭിന്നലിംഗക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിയമനിർമ്മാണം</u>

<u>ഡോ. എം. കെ. മുനീർ</u>: ഭിന്നലിംഗക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരോടുള്ള ജനങ്ങളുടെ സമീപനത്തിൽ മാറ്റംവരുത്തുന്നതിനുമായി രൂപീകരിച്ച ട്രാൻസ്ജെൻഡർ പോളിസി വളരെയധികം ആത്മവിശ്വാസം നൽകുന്നതാണ്. അവരോടുള്ള പോലീസിന്റെ സമീപനത്തിൽ മാറ്റം വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. പോലീസിന്റെ ഭാഗത്തുനിന്നും ഭിന്നലിംഗക്കാർക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്ക് പരിഹാരമുണ്ടാകണം. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രി അദ്ധ്യക്ഷയായി

പോലീസുദ്യോഗസ്ഥരും ഭിന്നലിംഗക്കാരുടെ പ്രതിനിധികളുമടങ്ങിയ കമ്മിറ്റി രൂപീകരിക്കണം. അവർക്കായി പ്രത്യേക നിയമനിർമ്മാണം നടത്തുകയും പ്രത്യേക ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും ആശുപത്രികളിൽ പ്രത്യേക സെൽ രൂപീകരിക്കുകയും ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭിന്നലിംഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച ട്രാൻസ്ജെൻഡർ പോളിസി അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാന-ജില്ലാ തലങ്ങളിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, പോലീസ് എന്നിവർക്കായി ബോധവത്കരണ പരിപാടികൾ നടത്തിയതിലൂടെ ഭിന്നലിംഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ഇവർക്കായി തുടർ വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുകയും ഏഴാം ക്ലാസ് മുതൽ പി.ജി. വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകുകയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നലിംഗക്കാർക്കായി കേന്ദ്രനിയമം വരുന്ന മുറയ്ക്ക് സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം

നടത്തുന്നതാണ്. ട്രാൻസ്ജെൻഡർ സേഫ്റ്റി ഹോമും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കുവേണ്ടി അഫർമേഷൻ കെയർ ഹോമും ആരംഭിക്കുന്നതിനും തിരിച്ചറിയിൽ കാർഡും തൊഴിൽ പരിശീലനവും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർ ക്ലിനിക് ആരംഭിക്കുകയും മറ്റ് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ഒരു മെഡിക്കൽ കോളേജിൽ സർജറി യൂണിറ്റ് ആരംഭിക്കുന്നതാണ്. അപേക്ഷാ ഫോറത്തിൽ ഭിന്നലിംഗക്കാർക്കായി പ്രത്യേക കോളം ഉൾപ്പെടുത്തുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയും ഇവർക്കായി സർക്കാരിന്റെ നേതൃത്വത്തിൽ കലോത്സവങ്ങളും കായിക പരിപാടികളും നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## V. സബ്മിഷൻ

### (1) എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

ശ്രീ. കെ. രാജൻ: സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയതുമൂലമുണ്ടായ പ്രതീക്ഷിത ഒഴിവുകളുടെ കുറവ് പരിഹരിച്ച് നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പി.എസ്. സി. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിയമനാധികാരികൾക്കും കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയും ഒഴിവുകൾ ഓൺ ലൈനായി റിപ്പോർട്ട് ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും ഇതുവരെ 9656 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിയമന നടപടികൾ ത്വരിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനും നിർവ്വാഹമില്ല.

(2) വളാഞ്ചേരി - വട്ടപ്പാറ വാഹനാപകടം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വളാഞ്ചേരി-വട്ടപ്പാറയിൽ നടന്ന വാഹനാപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുകയും കഞ്ഞിപ്പുഴ-മൂടാൽ ബൈപ്പാസിന്റെ പണി പൂർത്തീകരിക്കുകയും വേണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.

സുധാകരൻ): കഞ്ഞിപ്പുഴ-മൂടാൽ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിക്കുകയും സ്ഥലമെടുപ്പിനായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി ആവശ്യത്തിനായി അധിക തുക അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകളും കെ.എസ്.ഇ.ബി.യുടെ ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വളാഞ്ചേരി-വട്ടപ്പാറയിൽ ഉണ്ടായ വാഹനാപകടത്തിൽ അശ്രദ്ധമായി വാഹനമോടിച്ച ലോറി ഡ്രൈവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതും മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നകാര്യം പരിശോധിക്കുന്നതുമാണ്.

(3) കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ താലൂക്ക് ഓഫീസിന്റെയും വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ സ്റ്റാഫിനെ വിന്യസിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്ക് ഓഫീസിൽ ജോലി ക്രമീകരണ വ്യവസ്ഥ നിർത്തലാക്കിയത് ഓഫീസിന്റെ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്നുവെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പഠനം നടത്തി

താലൂക്കാഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) കടൽഭിത്തി പുനർ നിർമ്മാണം

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കടലാക്രമണ ഭീഷണി നേരിടുന്ന വലിയതുറയിലും വെട്ടുകാട് മുതൽ പൂന്തുറ വരെയുള്ള മേഖലകളിലും രൂക്ഷമായ കടലാക്രമണംമൂലം കടൽഭിത്തികൾ നശിക്കുകയും വ്യാപകമായ നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇവിടെ കടൽഭിത്തി നിർമ്മിക്കുന്നതിനും കേടുപാടുകൾ സംഭവിച്ച പുലിമുട്ടുകൾ പുനർ നിർമ്മിക്കുന്നതിനും ഏറ്റെടുത്ത പുലിമുട്ടുകളുടെ നിർമ്മാണം ദ്രുതഗതിയിലാക്കുന്നതിനും പുലിമുട്ട് നിർമ്മാണത്തിനുള്ള പാറയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): വലിയതുറ പാലം മുതൽ ശംഖുംമുഖം വരെയും ചെറിയതുറയിലും ഉള്ള കടൽഭിത്തിയുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുവാദം നൽകിയെങ്കിലും പാറയുടെ ദൗർലഭ്യംമൂലം കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യമാണ്. ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ചുണ്ടായ നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കടൽഭിത്തികളുടെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ചെറിയതുറ കുരിശ്ശടി മുതൽ തെക്കോട്ട് 15 പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ പാറയുടെ ദൗർലഭ്യംമൂലം മന്ദഗതിയിലായിരിക്കുകയാണ്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബിൽ മണൽ നിറച്ച് ഉപയോഗിക്കുകയും മറ്റ് പ്രദേശങ്ങളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(5) നെൽകൃഷി വികസനം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി-പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വെളിയന്നൂർ ചില്ലിയിൽ തരിശ്ശായി കിടക്കുന്ന പ്രദേശത്ത് നെൽകൃഷി ആരംഭിക്കുന്നതിനും അനുബന്ധ പ്രദേശങ്ങളിലെ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നത് പദ്ധതിയിലുൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കൊയിലാണ്ടി-പേരാമ്പ്ര മണ്ഡലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന വെളിയന്നൂർ ചില്ലിയിൽ 500 ഏക്കർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. അതിർത്തി നിർണ്ണയം നടത്താതെ വർഷങ്ങളായി തരിശ്ശായി കിടക്കുന്ന പ്രദേശം കൃഷിയോഗ്യമാക്കുന്നതിന് ഘട്ടംഘട്ടമായി മാത്രമേ സാധിക്കുകയുള്ളൂ. ഈ പ്രദേശത്ത് കൃഷി ചെയ്യുന്നതിന് സൗജന്യമായി നെൽവിത്തും സബ്സിഡി നിരക്കിൽ വളം, കുമ്മായം എന്നിവ നൽകുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി, അരീക്കുളം പ്രദേശങ്ങളിലെ തോട് നിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനമെടുക്കുകയും വെളിയന്നൂർ ചില്ലിയുടെ അതിർത്തി നിർണ്ണയവും നികത്തിയ നിലത്തിന്റെ വിസ്തീർണ്ണവും സംബന്ധിച്ച് വിവരശേഖരണം പൂർത്തിയാകുമ്പോൾ കൃഷിയോഗ്യമായ പ്രദേശങ്ങളിൽ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നെൽകൃഷിയിറക്കുകയും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥനെ പ്രത്യേക ഓഫീസറായി നിയമിക്കുന്നതുമാണ്.

(6) <u>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് നവീകരണം</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ സ്ഥാപിതശേഷിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): ടി.സി.സി.യുടെ പ്രതിദിന കാസ്റ്റിക് സോഡ ഉല്പാദനശേഷി 175 ടൺ ആണ്. കാസ്റ്റിക് സോഡയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിന് ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതുമായ പുതിയ പ്ലാന്റുകൾ സ്ഥാപിച്ച് ഉല്പാദനശേഷി 175 ടണ്ണിൽനിന്നും 350 ടണ്ണിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. ഇതിനെക്കുറിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ട്

പ്രകാരം ഉല്പാദനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് തീരുമാനിച്ചതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പുതിയ 75 ടൺ പ്ലാന്റ് അടിയന്തരമായി നടപ്പിലാക്കി ഉല്പാദനശേഷി 250 ടൺ ആക്കുകയും അടുത്ത ഘട്ടത്തിൽ ഉല്പാദനശേഷി 350 ടൺ ആയി ഉയർത്തുകയും ചെയ്യും. പുതിയ പ്ലാന്റിന്റെ വിശദ പദ്ധതിരേഖയ്ക്ക് ഭരണാനുമതി നല്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 60 ടൺ ഒവൻ സ്ഥാപിച്ച് എച്ച്.സി.എൽ പ്ലാന്റിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് ലാഭമുണ്ടാക്കാൻ കഴിയും. റിയാബും പ്ലാനിംഗ് ബോർഡും സർക്കാരും അംഗീകരിച്ച നിർദ്ദേശത്തെ തുടർന്ന് ആഗോള ടെൻഡറിലൂടെ ഓഫർ നല്കിയ 2 കമ്പനികളിൽ എസ്.ജി.എൽ. കാർബൺ എന്ന കമ്പനിയെ പരിഗണിക്കാൻ തീരുമാനിക്കുകയും പ്രസ്തുത ടെൻഡർ അംഗീകരിക്കുന്ന കാര്യം സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിശോധനയിലുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

(7) <u>മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: മെറ്റീരിയൽ പർച്ചേസ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി.യുടെയും എൽ.എസ്.ജി.ഡി.യുടെയും നിലവിലുള്ള റേറ്റ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പി.ഡബ്ല്യു.ഡി.യും എൽ.എസ്.ജി.ഡി.യും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലും എം.ജി.എൻ.ആർ.ഇ.ജി.എസ്. ലോക്കൽ മാർക്കറ്റ് പ്രൈസ് അനുസരിച്ചുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ലോക്കൽ മാർക്കറ്റ് പ്രൈസ് പി.ഡബ്ല്യൂ.ഡി.യേക്കാൾ ഉയർന്ന നിരക്കാണ്. എം.സാന്റിനും പി.സാന്റിനുമുള്ള പുതുക്കിയ റേറ്റ് പ്രാബല്യത്തിൽ വന്നിട്ടില്ല. ബ്യൂറോ ഓഫ് ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ റേറ്റും ഇ.ഇ.മാർ റിപ്പോർട്ട് ചെയ്യുന്ന അതത് ജില്ലകളിലെ റേറ്റും താരതമ്യപ്പെടുത്തി എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ റേറ്റ് തീരുമാനിക്കാൻ എൽ.എസ്.ജി.ഡി. പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) സി.ഇ. മാർ ഉൾപ്പെട്ട കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അത് എത്രയുംവേഗം ലഭ്യമാക്കി എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) ഹൈഡൽ ടൂറിസം പദ്ധതി

ശ്രീ. ഡി. കെ. മുരളി: നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും കെ.എസ്.ഇ.ബി.യുടെ നിലവിലുള്ള സ്ഥലത്ത് വാട്ടർ തീം പാർക്ക് കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): ലോവർ മീൻമുട്ടി ഹൈഡൽ

ടൂറിസം സെന്ററിന്റെ പ്രാഥമിക സൗകര്യങ്ങളും ബോട്ടിംഗ് അടക്കമുള്ള പ്രവർത്തനങ്ങളും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രദേശത്തെ ടൂറിസം വികസന സാധ്യതകളെ സംബന്ധിച്ച് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VI. **നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം**

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ട് ശ്രീ. ടി.എ. അഹമ്മദ് കബീറിന്റെ അപേക്ഷ ബഹു. ഡെപ്യൂട്ടി സ്പീക്കർ സഭയിൽ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## VII. **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചു.

## VIII. **അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

### 1. <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## 2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### 1. 2016 - ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ

ശ്രീ. എസ്. രാജേന്ദ്രൻ: 2016 - ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മോട്ടോർ വാഹന അപകട ഇരകൾക്ക് സമാശ്വാസം നൽകുന്നതിന് മറ്റ് പദ്ധതികൾ നിലവിലുള്ളതിനാൽ ബിൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് നിയമസംരക്ഷണം ഉറപ്പ് നൽകുന്നുണ്ടെങ്കിലും അവർക്കുള്ള ഇൻഷ്വറൻസ് തുക യഥാസമയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. നിരവധി നിയമങ്ങൾ നിലവിലുണ്ടെങ്കിലും അപകടത്തിൽപ്പെട്ട വ്യക്തിക്കോ കുടുംബാംഗങ്ങൾക്കോ യാതൊരുവിധ സംരക്ഷണവും ലഭിക്കാറില്ല. ജില്ലാ കളക്ടർക്ക് ക്ലെയിം സെറ്റിൽമെന്റ് കമ്മീഷണറുടെ ചുമതലയുണ്ടെന്ന കാര്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ

സാധിക്കും.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): റോഡപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി 'കേരള മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് വിക്ടിംസ് എമർജൻസി റിലീഫ് ഫണ്ട്' എന്ന ബിൽ റോഡ്സുരക്ഷാ കമ്മീഷണർ 2011-ൽ സർക്കാരിന് സമർപ്പിച്ചു. എന്നാൽ അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് പുതിയ ബില്ലിന്റെ ആവശ്യമില്ലെന്നും 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ടിലെ 13-ാം വകുപ്പ് പ്രകാരം ട്രോമാകെയർ പദ്ധതികൾക്ക് തുക ചെലവഴിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും 2012-ൽ കൂടിയ പതിനാറാമത് കേരളാ റോഡ് സുരക്ഷാ അതോറിറ്റി യോഗം ഇത്തരം ഭേദഗതി ആവശ്യമില്ലെന്നും അന്ന് തീരുമാനിച്ചു. ഈ സാഹചര്യത്തിൽ മോട്ടോർ വാഹനാപകടത്തിൽപ്പെടുന്നവർക്ക് സമാശ്വാസ നിധി രൂപീകരിക്കുന്നതിന് ഒരു പ്രത്യേക ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

ii) 2017-ലെ മലയാള ഭാഷ (ഔദ്യോഗിക ഭാഷ)ബിൽ

iii) 2016-ലെ കേരള സംസ്ഥാന ബാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയ അംഗങ്ങൾ

സീറ്റിലില്ലാതിരുന്നതിനാൽ ബില്ലുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

iv) 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വിദേശ പ്രോജക്ടുകളെ ആശ്രയിച്ചുകൊണ്ട് നിരവധി കമ്പനികൾ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ചട്ടങ്ങളും നിബന്ധനകളും ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. മിക്ക ഐ.ടി. കമ്പനികളും അവരുടെ പ്രോജക്ടുകൾക്കനുയോജ്യമായ യോഗ്യതയും പ്രവർത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥികളെ നിശ്ചിത കാലയളവിൽ നിയമിക്കുകയാണ് പതിവ്. കമ്പനികൾക്ക് ലഭിക്കുന്ന പ്രോജക്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഉദ്യോഗാർത്ഥികൾക്ക് ജോലി സ്ഥിരത ലഭിക്കുന്നത്. മറ്റ് തൊഴിൽ മേഖലകളിലുള്ള ആനുകൂല്യങ്ങൾ നിലവിൽ ഐ.ടി. മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നില്ല. സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഇത്തരം കമ്പനികളിൽ സർക്കാർതല

ഇടപെടലുകൾ സാധ്യമല്ല. ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമത്തിലെ ചില വ്യവസ്ഥകളിൽനിന്നും ഐ.ടി. മേഖലയെ ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ബിൽ പ്രായോഗികമല്ല.

ശ്രീ. പി. ടി. തോമസ്: ഐ.ടി. മേഖലയിൽ വളരെ ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ മേഖലയിൽ ജീവനക്കാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനും ചൂഷണം തടയുന്നതിനും ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് അനിവാര്യമാണ്. തൊഴിൽ സുരക്ഷിതത്വത്തിനുവേണ്ടി സംസ്ഥാന സർക്കാർ നാളിതുവരെ ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ആഗോള പ്രതിസന്ധികൾ ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ജോലി സ്ഥിരതയെ സാരമായി ബാധിക്കുന്നു. പെർഫോർമൻസ് ഇംപ്രൂവ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ടെക്നോപാർക്കിലെ പ്രമുഖ കമ്പനികൾ നിരവധി ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയാണ്. ഐ.ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷയും ജോലി സ്ഥിരതയും ഉറപ്പുവരുത്താനും പരിചയസമ്പന്നരായ ജീവനക്കാരെ അകാരണമായി പിരിച്ചുവിടുന്നതും സ്വമേധയാ പിരിഞ്ഞുപോകാൻ പ്രേരിപ്പിക്കുന്നതുമായ നിലപാട്

അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. ഐ.ടി/ബി.പി.ഒ. മേഖലകളിലെ തൊഴിൽ ചൂഷണം തടയുന്നതിനും ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം ഉറപ്പുവരുത്തുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ സർക്കാർ തയ്യാറാകണം. ഫിനിഷിംഗ് സ്കൂൾ/ഐ.ടി. ഹബ്ബുകൾ സ്ഥാപിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി ഈ മേഖലയെ ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചും വിദേശ തൊഴിൽദാതാക്കളെ കേരളത്തിലേയ്ക്ക് ആകർഷിച്ച് തൊഴിലവസരങ്ങൾ നിലനിർത്തുന്നതിനെക്കുറിച്ചും ആലോചിക്കണം. സ്ത്രീകൾ ഉൾപ്പെടെ ഐ.ടി. ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളോടൊപ്പം അർഹമായ ശമ്പളം നൽകുന്നതിനും ജോലി സമയം നിജപ്പെടുത്തുന്നതിനും വാഹനസൗകര്യം ഉറപ്പാക്കുന്നതിനും ഐ.ടി. കമ്പനികൾ കേന്ദ്രീകരിച്ച് റിക്രിയേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും ഷിഫ്റ്റ് ഡ്യൂട്ടിക്കെത്തുന്ന വനിതകളുടെ സുരക്ഷയ്ക്കായി രാത്രികാല പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും കമ്പനിവക വാഹനങ്ങളിൽ യാത്ര ചെയ്യുന്ന വനിതാ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഈ മേഖലയിൽ ഫാക്ടറി നിയമം നടപ്പിലാക്കാൻ സാധ്യമല്ല. നൂതന

സാങ്കേതികവിദ്യയുടെ കടന്നുവരവോടുകൂടി ഐ.ടി.മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെയും ഈ രംഗത്തെ സംസ്ഥാന-ദേശീയ-അന്തർദേശീയ നിയമങ്ങളെയും ഉൽപ്പാദന രീതികളെയുംപ്പറ്റി സമഗ്ര പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ചർച്ച തുടരും)

(3) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച:

(i) 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബിൽ

(ബിൽ അവതരിപ്പിച്ച ശ്രീ. ജെയിംസ് മാത്യു , എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം സഭ നിരാകരിച്ചു. )

(ii) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: കൃഷിക്കാരോടുള്ള സമൂഹത്തിന്റെ സമീപനത്തിൽ മാറ്റം വരുത്തുന്നതിനും പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും കാർഷികവൃത്തി ലാഭകരമാക്കി കർഷകരേയും അവരുടെ കുടുംബങ്ങളെയും രക്ഷിക്കുന്നതിനും നടപടിയുണ്ടാകണം. കൃഷിക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി കർഷകരെ ഈ രംഗത്ത് നിലനിർത്തണം. കർഷകരുടെ ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ

നിശ്ചയിക്കുന്ന മാനദണ്ഡത്തിൽ മാറ്റംവരുത്തുന്നതിനും കാർഷിക മേഖലയിലെ ചൂഷണവും തകർച്ചയും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കർഷക ക്ഷേമം മുൻനിർത്തിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ വർഷംതന്നെ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുന്നതാണ്. ബഡ്ജറ്റിൽ ഇതിനായി 25 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് ബോധവത്കരണവും വ്യക്തമായ നയവും അനിവാര്യമാണ്.

(ചർച്ച തുടരും)

## (iii) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

ശ്രീമതി യു. പ്രതിഭ ഹരി: വിധവകളുടെ ക്ഷേമവും സംരക്ഷണവുമാണ് ഈ ബില്ലിന്റെ ലക്ഷ്യം. സംസ്ഥാനത്തെ വിധവകളുടെ കൃത്യമായ കണക്ക് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കാൻ സംവിധാനമുണ്ടാക്കണം. ഇവർക്ക് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും അർഹിക്കുന്ന പരിഗണന നൽകണം. വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട പരാതികൾക്ക് മുൻഗണന ഉറപ്പുവരുത്തി ഇവർക്ക് അഭിഭാഷക സേവനം പഞ്ചായത്തുകളിൽക്കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. വിധവാ പുനരധിവാസത്തിന് നീക്കിവയ്ക്കപ്പെട്ട തുക

അർഹതപ്പെട്ടവർക്കുമാത്രം ലഭ്യമാകുന്നതിന് പഞ്ചായത്തിൽ കാറ്റഗറി അടിസ്ഥാനത്തിൽ പ്രത്യേക ലിസ്റ്റ് തയ്യാറാക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വിധവകളെ സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവത്തോടുകൂടിയാണ് കാണുന്നത്. നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ നിലവിലുള്ളതിനാലും ഇതിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി സംഹിതയിലെയും ഇന്ത്യൻ തെളിവ് നിയമത്തിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാലും സഞ്ചിത നിധിയിൽനിന്ന് 75 ലക്ഷം രൂപ ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാലും ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ആയതിനാൽ ബിൽ പരിഗണിക്കേണ്ടതില്ല. (ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.